Reg. No. : ..................................

Name : ......................................

# SY-238

## SECOND YEAR HIGHER SECONDARY MODEL EXAMINATION, FEBRUARY 2023

Part – III

Time : 2½ Hours

## SOCIOLOGY

Cool-off time : 15 Minutes

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## PART – I

**Answer any 9 questions from 1 to 10. Each carries 1 score.** **(9 × 1 = 9)**

1. The American Sociologist who studied the relationship between personal troubles and social issues.

   (Max Weber, C.Wright Mills, Herbert Spencer, Karl Max)

2. During the colonial period, the long distance trade in salt was controlled by ______ tribes.

   (Santhals, Gonds, Bhils, Banjaras)

3. In 1953, a State Reorganisation Commission (SRC) was appointed under the chairmanship of ______.

   (Dr. Ambedkar, Fazal Ali, Potti Sriramulu, Sardar Patel)

4. Find odd man out :

   (Casteism, Communalism, Regionalism, Nationalism)

5. Individuals develop their identity through the process of ______.

   (Social control, Social change, Social stratification, Socialisation)

6. "A modern and prosperous India was to be built on an edifice of gaint steel plants or gigantic dams and power stations." Who said this ?

   (J.P. Padnaik, Jawaharlal Nehru, Dr. Ambedkar, Mahatma Gandhi)

## PART – I

1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (9 × 1 = 9)

1. സ്വകാര്യ ബുദ്ധിമുട്ടുകളും സാമൂഹ്യ പ്രശ്നങ്ങളും തമ്മിൽ ഉള്ള ബന്ധത്തെക്കുറിച്ച് പഠിച്ച അമേരിക്കൻ സമൂഹശാസ്ത്രജ്ഞൻ.

    (മാക്സ് വെബർ, സി.റൈറ്റ് മിൽസ്, ഹെർബർട്ട് സ്പെൻസർ, കാറൽ മാക്സ്)

2. കൊളോണിയൽ കാലഘട്ടത്തിൽ ഉപ്പിന്റെ വിദൂരദേശ വ്യാപാരം നിയന്ത്രിച്ചിരുന്നത് _______ ഗോത്രക്കാരാണ് .

    (സന്താൾസ്, ഗോണ്ടുകൾ, ഭിലുകൾ, ബൻജാരകൾ)

3. 1953 ൽ ______ ന്റെ നേതൃത്വത്തിൽ ഒരു സംസ്ഥാന പുന:സംഘടനാ കമ്മീഷനെ (SRC) നിയമിച്ചു.

    (ഡോഃ അംബേദ്ക്കർ, ഫസൽ അലി, പോറ്റി ശ്രീരാമലു, സർദാർ പട്ടേൽ)

4. ഒറ്റപ്പെട്ടത് കണ്ടെത്തുക .

    (ജാതീയത, വർഗ്ഗീയത, പ്രാദേശിക വാദം, ദേശീയത)

5. വ്യക്തികൾ സ്വത്വബോധം രൂപപ്പെടുത്തുന്നത് _______ പ്രക്രിയയിലൂടെയാണ്.

    (സാമൂഹിക നിയന്ത്രണം, സാമൂഹ്യ മാറ്റം, സാമൂഹ്യ ശ്രേണീകരണം, സാമൂഹ്യ വൽകരണം)

6. ആധുനികവും ഐശ്വര്യ പൂർണ്ണവുമായ ഒരു ഇന്ത്യ ഭീമാകാരമായ സ്റ്റീൽ ഫാക്ടറികളുടേയും അണക്കെട്ടുകളുടേയും പവർ സ്റ്റേഷനുകളുടേയും സൗധത്തിന് മുകളിലാണ് പടുത്തുയർത്തേണ്ടത് എന്ന് അഭിപ്രായപ്പെട്ടത് ആരാണ് ?

    (ജെ.പി. പട്നായ്ക്, ജവഹർലാൽ നെഹ്റു, ഡോഃ അംബേദ്ക്കർ, മഹാത്മാ ഗാന്ധി)

7. Name the first modern industry started in India.

(Steel Industry, Plantation Industry, Coal Industry, Textile Industry)

8. The changes brought about in Indian society and culture as a result of over 150 years of British rule.

To which process does prof. M.N. Srinivas refer by the above statement ?

(Modernisation, Secularisation, Sanskritisation, Westernisation)

9. Name the social reform movement founded in Punjab .

(Arya Samaj, Brahma Samaj, Prathana Samaj, Servants of India Society)

10. The type of family in which men exercise authority .

(Nair Tharavadu, Matrilineal Family, Patriarchal Family, Matriarchal Family)

## PART – II

**Answer all the questions from 11 to 15 in 2 or 3 sentences each. Each carries 2 scores.**

**(5 × 2 = 10)**

11. What is self-reflexivity ?

12. Explain the meaning of the term 'scientific management' or Taylorism.

13. Discuss the importance of prior-knowledge in the study of sociology.

14. What is meant by 'sex ratio' ?

15. What is 'dominant caste' ?

7. ഇന്ത്യയിൽ ആദ്യമായി സ്ഥാപിക്കപ്പെട്ട ആധുനീക വ്യവസായത്തിന്റെ പേര് ?

(ഉരുക്ക് വ്യവസായം, തോട്ട വ്യവസായം, കൽക്കരി വ്യവസായം, തുണി വ്യവസായം)

8. 150 വർഷം നിലനിന്ന ബ്രിട്ടിഷ് ഭരണത്തിന്റെ ഫലമായി ഭാരതീയ സമൂഹത്തിനും സംസ്കാരത്തിനും സംഭവിച്ച മാറ്റങ്ങളെയാണ് പ്രൊഫ.M.N. ശ്രീനിവാസ് ______ എന്ന് പറയുന്നത്.

(ആധുനീകവൽകരണം, മതേതരവൽക്കരണം, സംസ്കൃത വൽക്കരണം, പാശ്ചാത്യ വൽക്കരണം)

9. പഞ്ചാബിൽ സ്ഥാപിതമായ സാമൂഹിക നവീകരണ പ്രസ്ഥാനം.

(ആര്യ സമാജം, ബ്രഹ്മ സമാജം, പ്രാർത്ഥനാ സമാജം, സെർവെന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി)

10. പുരുഷൻമാർ അധികാരം കൈയ്യാളുന്ന കുടുംബം ________ ആണ്.

(നായർ തറവാട്, മാതൃദായക കുടുംബം, പിതൃ മേധാവിത്യ കുടുംബം, മാതൃ മേധാവിത്വ കുടുംബം)

## PART – II

**11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വിതം.** **(5 × 2 = 10)**

11. ആത്മപ്രതിഫലനം എന്താണ് എന്ന് വിശദമാക്കുക.

12. ശാസ്ത്രീയ മാനേജ്മെന്റ് അഥവാ ടെയിലറിസം എന്നതുകൊണ്ട്. എന്താണ് അർത്ഥമാക്കുന്നത് ?

13. സാമൂഹ്യശാസ്ത്ര പഠനത്തിൽ മുന്നറിവിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

14. സ്ത്രീ-പുരുഷാനുപാതം എന്നാൽ എന്ത് ?

15. പ്രബലജാതി എന്നാൽ എന്ത് ?

## PART – III

**Answer any 3 questions from 16 to 19 in a paragraph each. Each carries 4 scores.** **(3 × 4 = 12)**

16. What is meant by urbanisation ? Explain three levels of urbanisation observed in Independent India by M.S.A. Rao.

17. Explain the concept 'infotainment'.

18. "Home based work is an important part of the Indian economy." Comment on this statement and explain the conditions of Home-based workers.

19. Briefly explain the impact of globalization on Indian radio.

## PART – IV

**Answer any 3 questions from 20 to 23 in a page each. Each carries 5 scores.**

**(3 × 5 = 15)**

20. Point out the changes brought about by colonialism in Indian economy ?

21. Differentiate the concepts – State and Civil Society.

22. What is untouchability and identity the different dimensions of it.

## PART – III

**16 മുതൽ 19 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരു ബന്ധികയിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(3 × 4 = 12)**

16. എന്താണ് നഗരവൽക്കരണം ? സ്വതന്ത്ര ഇന്ത്യയിൽ കാണപ്പെടുന്ന മൂന്ന് വ്യത്യസ്ത നാഗരിക സ്വാധീനങ്ങളെപ്പറ്റിയുള്ള M.S.A. റാവുവിന്റെ നിരീക്ഷണങ്ങൾ വിശദീകരിക്കുക.

17. ഇൻഫോടെയ്ൻമെന്റ് എന്ന ആശയം വ്യക്തമാക്കുക ?

18. 'ഗാർഹികാടിസ്ഥാനത്തിലുള്ള തൊഴിൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഒരു പ്രധാന ഭാഗമാണ്.' ഈ പ്രസ്താവനയെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക ? ഗാർഹിക തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ വിശദീകരിക്കുക.

19. ഇന്ത്യൻ റേഡിയോ രംഗത്ത് ആഗോള വൽക്കരണത്തിന്റെ സ്വാധീനം ചുരുക്കമായി വിവരിക്കുക.

## PART – IV

**20. മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരോപേജിൽ ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(3 × 5 = 15)**

20. കോളനിവാഴ്ച്ച ഇന്ത്യൻ സമ്പദ്വ്യവസ്ഥയിൽ കൊണ്ടുവന്ന മാറ്റങ്ങൾ ചൂണ്ടികാണിക്കുക ?

21. രാഷ്ട്രവും പൗര സമൂഹവും തമ്മിൽ വേർതിരിക്കുക ?

22. എന്താണ് അസ്പൃശ്യത ? അസ്പൃശ്യതയുടെ വിവിധ മാനങ്ങൾ തിരിച്ചറിയുക ?

23. Match the following :

| | | |
|---|---|---|
| Satyashodak Samaj | – | Max Weber |
| Brahmo Samaj | – | Jotiba Phule |
| Status symbol | – | Raja Rammohan Roy |
| Widow remarriage | – | Adam Smith |
| Invisible hand | – | M.G. Ranade |

## PART – V

**Answer any 3 questions from 24 to 27 in 1½ pages each. Each carries 6 scores.**

**(3 × 6 = 18)**

24. Explain the population policy in India.

25. Define Sanskritisation. Critically evaluate 'Sanskritisation' as a cultural process of social change.

26. What is Globalisation ? Describe the main elements in the economic dimension of globalisation.

27. 'Caste is a social institution found in India.' Identify the main features of caste system.

## PART – VI

**Answer any 2 questions from 28 to 30 in 2 pages each. Each carries 8 Scores.**

**(2 × 8 = 16)**

28. What is Green Revolution ? Critially analyse the social consequences of Green Revolution in India ?

(**Hints :** Green Revolution, Positive aspects, Negative effects)

23. ചേരുംപടി ചേർക്കുക :

| | | |
|---|---|---|
| സത്യ ശോധക് സമാജ് | – | മാക്സ് വെബർ |
| ബ്രഹ്മോ സമാജ് | – | ജ്യോതിബാഫുലേ |
| പദവി ചിഹ്നം | – | രാജാറാം മോഹൻ റോയ് |
| വിധവാ പുനർവിവാഹം | – | ആദം സ്മിത്ത് |
| അദൃശ്യകരം | - | M.G. റാനഡേ |

## PART – V

**24 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് 1½ പേജിൽ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

24. ഇന്ത്യയിലെ ജനസംഖ്യാനയം വിശദീകരിക്കുക ?

25. സംസ്കൃത വൽകരണം എന്താണ് എന്ന് നിർവചിക്കുക സാമൂഹ്യ മാറ്റത്തിലെ ഒരു സംസ്ക്കാരിക പ്രക്രിയ എന്ന നിലയിൽ സംസ്കൃത വൽക്കരണത്തെ വിമർശനാത്മകമായി വിലയിരുത്തുക ?

26. ആഗോളവത്ക്കരണം എന്താണ് എന്ന് വ്യക്തമാക്കുക ? ആഗോളവൽക്കരണത്തിന്റെ പ്രധാന സാമ്പത്തിക മാനങ്ങൾ വിശദീകരിക്കുക.

27. 'ഇന്ത്യയിൽ കാണപ്പെടുന്ന ഒരു സാമൂഹ്യ സ്ഥാപനമാണ് ജാതി'. ജാതിയുടെ പ്രധാന സവിശേഷതകൾ തിരിച്ചറിയുക.

## PART – VI

**28 മുതൽ 30 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് 2 പേജിൽ ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

28. എന്താണ് ഹരിത വിപ്ലവം ? ഇന്ത്യയിലെ ഹരിതവിപ്ലവത്തിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങൾ വിമർശനാത്മകമായി വിലയിരുത്തുക ?

**(സൂചനകൾ : ഹരിതവിപ്ലവം, ഗുണകരമായ വശങ്ങൾ, ദോഷകരമായ ഫലങ്ങൾ)**

29. Discuss the ideals of Panchayati Raj and its powers and responsibilities.

(**Hints** : Ideals of Panchayati Raj, Powers of Panchayati Raj, Responsibilities of Panchayati Raj)

30. Explain the term

'Social movement' and point out its main features briefly. Describe 'The theory of relative deprivation' about social movements.

(**Hints** : Social movement, Main features, The theory of relative deprivation)

---

29. പഞ്ചായത്തീരാജിന്റെ ആദർശങ്ങളും, അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും ചർച്ചചെയ്യുക.

(സൂചനകൾ : പഞ്ചായത്തി രാജിന്റെ, ആദർശങ്ങൾ, അധികാരങ്ങൾ, ഉത്തരവാദിത്വങ്ങൾ)

30. 'സാമൂഹിക പ്രസ്ഥാനം' എന്ന പദം വിശദീകരിക്കുക. സാമൂഹിക പ്രസ്ഥാനങ്ങളുടെ സവിശേഷതകൾ ചൂണ്ടികാണിക്കുക സാമൂഹിക പ്രസ്ഥാനത്തെക്കുറിച്ചുള്ള 'ആപേക്ഷികതിരസ്കരണ സിദ്ധാന്തം' ചുരുക്കമായി വിശദീകരിക്കുക ?

(സൂചനകൾ : സാമൂഹ്യ പ്രസ്ഥാനം, സവിശേഷതകൾ, ആപേക്ഷികതിരസ്കരണ സിദ്ധാന്തം)